**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2595** **21-01-2021 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിലെ ടൂറിസം സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി .ടി .എ . റഹീം** | | **Shri. Kadakampally Surendran**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | പ്രകൃതിരമണീയമായ മലബാർ മേഖലയിലെ ടൂറിസം സാധ്യതകൾ വിപുലപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്താൻ നടപടി സ്വീകരിക്കുമോ; | (എ) | പരിഗണിക്കാവുന്നതാണ്. |
| (ബി) | ടൂറിസം മേഖലയിൽ നിക്ഷേപം നടത്തുന്നതിന് സന്നദ്ധതയുള്ള സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന നയം സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരള വിനോദസഞ്ചാര നയം 2017 സ്വകാര്യ-സഹകരണ മേഖലയുടെ നിക്ഷേപം ആകർഷിക്കുന്നതിന് പ്രോത്സാഹനം നൽകുന്നുണ്ട്. |
| (സി) | സ്വകാര്യ സംരംഭകർ സ്ഥാപിക്കുന്ന പരിസ്ഥിതി സൗഹൃദമായ ടൂറിസം ഡെസ്റ്റിനേഷനുകൾ ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (സി) | സ്വകാര്യ സംരംഭകരുടെതായിട്ടുള്ളതും നിലവാരം പുലർത്തുന്നതുമായ ടൂറിസം ഡെസ്റ്റിനേഷനുകൾ ( ഉദാ- വണ്ടർല, മാജിക് പ്ലാനറ്റ്) ടൂറിസം വകുപ്പ് വിനോദ സഞ്ചാരികൾക്കായി സജ്ജീകരിച്ചിട്ടുള്ള വെബ്സൈറ്റായ www.keralatourism.org യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവാരം പുലർത്തുന്ന ടൂറിസം ഡെസ്റ്റിനേഷനുകൾ ടൂറിസം വകുപ്പിന്റെ സഞ്ചാരികൾക്കായിട്ടുള്ള വെബ്സൈറ്റിൽ ഉൾപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ